*No. 003/2012/CL  Dtd: 17.10.2012  Latin Archdiocese of Trivandrum, Vellayambalam*

# മിഷൻ ഞായർ 2012

## ദൈവത്തിനുസ്തുതി!
## ദൈവജനത്തിനുസമാധാനം!

*വന്ദ്യ വൈദികരേ, പ്രിയമക്കളേ,*

ഇന്ന് സാർവ്വത്രിക സഭയോടൊപ്പം നാമും മിഷൻ ഞായർ ആചരിക്കുകയാണ്. നാം സ്വീകരിച്ച വിശ്വാസവും അതിനനുസൃതമായ ജീവിതവുമാണ് നമ്മെ യേശുവിന്റെ ശിഷ്യന്മാരാക്കുന്നത്. വിശ്വാസം വലിയൊരു നിധിയായും യേശുവിന്റെ ശിഷ്യരാകാൻ സാധിച്ചത് വലിയൊരു ഭാഗ്യമായും നാം കരുതുന്നു. ദൈവം പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളുമായതുകൊണ്ട് ദൈവവുമായും പരസ്പരവും നാം എപ്പോഴും സ്നേഹത്തിൽ വർത്തിക്കുകയും ആ സ്നേഹം നിരന്തരം പരിപോഷിപ്പിക്കുകയും ചെയ്യണമെന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ അന്തഃസത്ത. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ എല്ലാ മതങ്ങളും ഇതുതന്നെയാണല്ലോ പഠിപ്പിക്കുന്നത് എന്ന് നാം പറയുമായിരിക്കാം. എന്നാൽ ക്രിസ്തീയവിശ്വാസത്തിന്റെ പ്രത്യേകത ഇതാണ്. സ്നേഹത്തിൽ ജീവിക്കുവാനും സ്നേഹം പരിപോഷിപ്പിക്കുവാനും മനുഷ്യന്റെ മാത്രം കഴിവുകൾ കൊണ്ട് സാദ്ധ്യമല്ല. ദൈവം തന്നെ ക്രിസ്തുവിലൂടെ ഈ ലോകത്തിലേക്ക് ഇറങ്ങിവന്നുവെന്നും, എങ്ങനെയാണ് സ്നേഹത്തിൽ ജീവിക്കേണ്ടത് എന്നു നമ്മെ പഠിപ്പിച്ചുവെന്നും വചനത്തിലൂടെയും കൂദാശകളിലൂടെയും നമ്മിൽ വസിച്ചു കൊണ്ട് സ്നേഹത്തിൽ ജീവിക്കാൻ വേണ്ട കരുത്തും ശക്തിയും നമുക്കു പകർന്നു തരുന്നുവെന്നും നാം വിശ്വസിക്കുന്നു. ദൈവംതന്നെയായ യേശുവിനെ സ്വീകരിക്കുവാനും യേശുവുമായി ഒന്നാകുവാനുമുള്ള ഈ മഹാഭാഗ്യം ദൈവം നമുക്കു നൽകിയത്, അതു നമുക്കു വേണ്ടിമാത്രം സൂക്ഷിക്കാനല്ല, ജാതിമതഭേദമന്യേ ദൈവമക്കളായ നമ്മുടെ എല്ലാ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാൻ കൂടിയാണ്. വിശ്വാസം പങ്കുവയ്ക്കുമ്പോഴാണ് നമ്മുടെ ശിഷ്യത്വം പൂർണ്ണമാകുന്നത്. പങ്കുവയ്ക്കാത്ത വിശ്വാസം യഥാർത്ഥ വിശ്വാസമല്ല. ഓരോ മിഷൻ ഞായറാഴ്ചയും ഒരു ആത്മപരിശോധനയ്ക്കുള്ള അവസരമാണ്. വിശ്വാസം വിലമതിക്കുന്നതിലും അതിനനുസൃതമായി ജീവിക്കുന്നതിലും അതു പങ്കുവയ്ക്കുന്നതിലും നാം എത്രമാത്രം താല്പര്യം പ്രദർശിപ്പിക്കുന്നുവെന്നും അതിൽ എത്രമാത്രം വിജയിക്കുന്നുണ്ടെന്നും പരിശോധിച്ച് നോക്കേണ്ട ദിവസമാണ് മിഷൻ ഞായർ.

686 ചതുരശ്ര മൈൽ മാത്രം വിസ്തീർണ്ണമുള്ള നമ്മുടെ അതിരൂപതയുടെ അതിർത്തിക്കുള്ളിൽ നാനാജാതി മതസ്ഥരായ ഇരുപതുലക്ഷത്തോളം ആളുകൾ വസിക്കുന്നുണ്ട്. മറ്റു റീത്തുകളും ക്രിസ്തീയസഭകളുമുൾപ്പെടെയുള്ള ക്രൈസ്തവരിൽ ഭൂരിഭാഗവും നമ്മുടെ അതിരൂപതാംഗങ്ങളാണ്. എങ്കിലും രണ്ടര ലക്ഷത്തോളം വരുന്ന ലത്തീൻ കത്തോലിക്കരായ നമ്മുടെ അതിരൂപതാംഗങ്ങൾ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് പന്ത്രണ്ട് ശതമാനം മാത്രമാണ്. ബാക്കിയുള്ളവരിൽ നല്ലൊരുഭാഗവും ക്രിസ്തുവിനെ ഗുരുവും നാഥനും ദൈവവുമായി അംഗീകരിക്കാത്തവരാണ്. ഇവരിൽ ധാരാളംപേർ ക്രിസ്തുവിനെ ബഹുമാനിക്കുകയും അവിടുത്തെ പ്രബോധനങ്ങൾ വിലമതിക്കുകയും അനുഗ്രഹങ്ങൾ തേടി അവിടുത്തെപക്കൽ എത്തുകയും ചെയ്യുന്നുണ്ട്. നമ്മെക്കാളും നല്ലവരായ മനുഷ്യർ ഇവരുടെയിടയിൽ ഉണ്ടെന്നകാര്യവും ഞാൻ നിഷേധിക്കുന്നില്ല. എത്ര നല്ലവരായാലും ക്രിസ്തുവിലൂടെ ലോകത്തിനു ലഭിച്ച സൗഭാഗ്യങ്ങൾ ഇവർക്കുകൂടിയുള്ളതാണ്. ഓരോരുത്തർക്കും മനഃസാക്ഷിക്കനുസൃതമായി അവരവരുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. നമ്മുടെ വിശ്വാസം നാം ആരുടെമേലും അടിച്ചേൽപ്പിക്കാറില്ല. എങ്കിലും വാക്കിലൂടെയും പ്രവൃത്തിയിലൂടെയും സ്നേഹനിർഭരമായ ജീവിതത്തിലൂടെയും



ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും ക്രിസ്തുവുമായുള്ള സ്നേഹൈക്യത്തിലേക്ക് എല്ലാവരെയും ആകർഷിക്കുവാനുമുള്ള ഗൗരവമേറിയ ചുമതല ക്രിസ്തു ശിഷ്യന്മാരെന്ന നിലയിൽ നമുക്കോരോരുത്തർക്കുമുണ്ട് എന്ന വസ്തുത നാം വിസ്മരിക്കരുത്. ഈ വലിയ ദൗത്യത്തെക്കുറിച്ച് നമ്മെ അനുസ്മരിപ്പിക്കുന്ന ദിനമാണ് മിഷൻ ഞായർ.

"നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മാർക്ക് 16. 15-16). സ്വർഗ്ഗാരോഹണത്തിന് തൊട്ടുമുൻപ് യേശു തന്റെ അപ്പോസ്തലന്മാരോട് അരുൾ ചെയ്ത ഈ തിരുവചനങ്ങൾ നമുക്കെല്ലാം സുപരിചിതമാണ്. എന്നാൽ ഇത് അപ്പസ്തോലന്മാർക്ക് മാത്രമല്ല, ലോകാവസാനംവരെ ജീവിക്കുവാനിരിക്കുന്ന എല്ലാ ക്രിസ്തുശിഷ്യന്മാർക്കും അവിടുന്ന് നൽകിയ കല്പനയാണ്. ഇന്നു ജീവിക്കുന്ന ഞാനും നിങ്ങളും ഈ ദൗത്യം നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

ഇക്കാര്യം അനുസ്മരിപ്പിച്ചുകൊണ്ട് വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ "രക്ഷകന്റെ ദൗത്യം" എന്ന തന്റെ ചാക്രിയലേഖനത്തിൽ ഇപ്രകാരം എഴുതി: "നമ്മെപ്പോലെ ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട അനേകലക്ഷം സഹോദരീസഹോദരന്മാർ ദൈവസ്നേഹത്തെപ്പറ്റി അറിയാതെ ജീവിക്കുന്നുവെന്ന് ചിന്തിക്കുമ്പോൾ നമുക്ക് സംതൃപ്തരായിരിക്കാൻ സാധിക്കുകയില്ല" (86).

വിശ്വാസവർഷം പ്രഖ്യാപിച്ചുകൊണ്ട് "വിശ്വാസത്തിന്റെ വാതിൽ" എന്ന തിരുവെഴുത്തിൽ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ നമ്മെ ഓർമ്മിപ്പിക്കുന്നതിതാണ്: "ഇന്നും കഴിഞ്ഞ കാലത്തേതുപോലെ തന്നെ ഭൂമിയിലെ എല്ലാ ജനങ്ങളോടും സുവിശേഷം പ്രഘോഷിക്കാൻ ലോകത്തിന്റെ വൻ സഞ്ചാരമാർഗ്ഗങ്ങളിലൂടെ ക്രിസ്തു നമ്മെ അയക്കുന്നു"(7).

അതിനുമുമ്പ് "സുവിശേഷ പ്രഘോഷണം" എന്ന തന്റെ അപ്പസ്തോലികാഹ്വാനത്തിൽ ദൈവദാസൻ പോൾ ആറാമൻ പറഞ്ഞതും ശ്രദ്ധേയമാണ്: "സുവിശേഷപ്രഘോഷണം സഭയ്ക്കു



ഇഷ്ടമെങ്കിൽ മാത്രം ചെയ്യാവുന്ന ഒരു കാര്യമല്ല. കർത്താവായ യേശുവിന്റെ കല്പനമൂലം സഭയുടെ കടമയാണത്. അതുവഴി ജനങ്ങൾ വിശ്വസിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്യണം. ഈ സന്ദേശം യഥാർത്ഥത്തിൽ അത്യാവശ്യമാണ്. ഇത് അതുല്യമാണ്. ഇതിനു പകരം മറ്റൊന്ന് വയ്ക്കാനാവുകയില്ല" (5). ഇങ്ങനെ സുവിശേഷപ്രഘോഷണവും പ്രേഷിതപ്രവർത്തനങ്ങളും അപ്പസ്തോലന്മാരുടെ മാത്രമല്ല, എല്ലായിടത്തും എല്ലാക്കാലത്തുമുള്ള ദൈവജനം മുഴുവന്റെയും കടമയാണ്.

ഇവിടെ പ്രസക്തമായ ചോദ്യമിതാണ്, എന്തുകൊണ്ടാണ് സുവിശേഷമാകാനും സുവിശേഷമേകാനുമുള്ള കടമ തീക്ഷ്ണതയോടെ നിർവ്വഹിക്കാൻ സഭാംഗങ്ങളിൽ നല്ലൊരു ഭാഗവും വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല, അഥവാ പരാജയപ്പെടുന്നു? ഈ ചോദ്യത്തിനുള്ള ഉത്തരമിതാണ്, ജ്ഞാനസ്നാനവും മറ്റു കൂദാശകളും വെറുമൊരു ചടങ്ങായി മാത്രം സ്വീകരിച്ചുകൊണ്ട് സഭാംഗങ്ങളായി തീരുന്ന നമ്മിൽ നല്ലൊരു ഭാഗവും ഇനിയും യേശുവിനെ വേണ്ട വിധത്തിൽ കണ്ടുമുട്ടുകയോ അനുഭവിക്കുകയോ ചെയ്തിട്ടില്ല. ഭൗതികമായ എന്തുതന്നെ കിട്ടിയാലും സംതൃപ്തമാകാത്ത ഒരു ഹൃദയമാണ് മനുഷ്യർക്കുള്ളത്. ഇതിനുമപ്പുറത്തുള്ള എന്തോ ഒന്നിനുവേണ്ടി മനുഷ്യ ഹൃദയം ദാഹിച്ചുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഇത് ദൈവത്തിനായുള്ള വിശപ്പും ദാഹവുമാണ്. ഇതിനെ നിത്യജീവന്റെ അപ്പവും സജീവജലവുമായ ക്രിസ്തുവിലേയ്ക്ക് ക്ഷണിച്ചുകൊണ്ടുവരാൻ വിശ്വാസികളായ നമുക്കു കഴിയണം.

സിക്കാറിലെ കിണറ്റിൻകരയിൽ യേശുവുമായി സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന സമരിയാക്കാരി സ്ത്രീയുടെ മാനസാന്തരത്തിൽ നിന്നും പാഠങ്ങൾ പഠിക്കുവാൻ ഇക്കൊല്ലത്തെ മിഷൻ ഞായർ സന്ദേശത്തിൽ പരിശുദ്ധ പിതാവ് നമ്മെ ഉപദേശിക്കുന്നു. പടിപടിയായിട്ടാണ് യേശുവിലുള്ള ഈ സ്ത്രീയുടെ വിശ്വാസം ആഴമാകുന്നത്. "എനിക്കു കുടിക്കാൻ തരിക" എന്നു പറയുന്ന യേശുവിനെ ആദ്യം അവൾ ഒരു കുമ്പിൾ വെള്ളത്തിനായി തന്റെ നേർക്കു കൈനീട്ടുന്ന ഒരു യാചകനായിട്ടു മാത്രമേ കാണുന്നുള്ളൂ. വാദപ്രതിവാദത്തിനു തുനിയുന്ന അവളോട് യേശു പറഞ്ഞു: "ദൈവ

ത്തിന്റെ ദാനം എന്തെന്നും എനിക്കു കുടിക്കാൻ തരിക എന്നു നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും നീ അറിഞ്ഞിരുന്നെങ്കിൽ നീ അവനോടു ചോദിക്കുകയും അവൻ നിനക്ക് ജീവജലം തരുകയും ചെയ്യുമായിരുന്നു" (യോഹ. 4,10). ഇതിന്റെ പൊരുൾ എന്താണെന്ന് ആദ്യം അവൾക്കു മനസ്സിലായില്ല. ഭൗതികതലത്തിൽ തന്നെ നിന്നുകൊണ്ട് അവൾ എന്നേക്കും ദാഹം ശമിപ്പിക്കുന്ന ജലം ആവശ്യപ്പെടുന്നു. അഞ്ചു ഭർത്താക്കന്മാരോടുകൂടി മാറിമാറി ജീവിച്ചിട്ടും ജീവിതത്തിൽ ഒരു സംതൃപ്തിയും കണ്ടെത്താത്ത അവൾ തനിക്ക് ഭർത്താവില്ലെന്ന് യേശുവിനോട് കള്ളം പറയുന്നു. അവസാനം തന്റെ ഹൃദയരഹസ്യങ്ങളെല്ലാം വായിച്ചറിയുന്നവനാണ് യേശു എന്നു തിരിച്ചറിഞ്ഞ അവൾ യേശുവിലുള്ള വിശ്വാസം ഇപ്രകാരം പ്രഖ്യാപിച്ചു, "പ്രഭോ, അങ്ങ് ഒരു പ്രവാചകനാണെന്ന് ഞാൻ മനസ്സിലാക്കുന്നു" (യോഹ. 4,19). ആ നിമിഷങ്ങളിൽ യേശുവിന്റെ സാന്നിദ്ധ്യവും വാക്കുകളും പെരുമാറ്റരീതിയും ഇന്നുവരെ അവൾക്കു ലഭിക്കാത്ത ഒരു സ്വർഗ്ഗീയ അനുഭൂതിയാണ് പകർന്നുകൊടുത്തത്. കുടം അവിടെത്തന്നെ ഉപേക്ഷിച്ചിട്ട് തിടുക്കത്തിൽ അവൾ പട്ടണത്തിലേക്കുപോയി ആളുകളെയെല്ലാം വിളിച്ചുകൂട്ടി യേശുവിനു സാക്ഷ്യം വഹിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "ഞാൻ ചെയ്ത കാര്യങ്ങൾ എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇവൻ തന്നെയായിരിക്കുമോ ക്രിസ്തു? (യോഹ. 4.22) ഇതുകേട്ട് അനേകമാളുകൾ യേശുവിന്റെ പക്കൽ വരുകയും അവിടുത്തെ ശ്രവിക്കുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്തു. സമരിയാക്കാരിയുടെ ഈ സാക്ഷ്യത്തെക്കുറിച്ച് വിശുദ്ധ അഗസ്തിനോസ് പറയുന്നതിതാണ്: "കർത്താവായ ക്രിസ്തുവിനെ തന്റെ ഹൃദയത്തിൽ സ്വാഗതം ചെയ്തുകഴിഞ്ഞിട്ട് തന്റെ കുടം ഉപേക്ഷിച്ച് പട്ടണത്തിലേക്കുപോയി സദ്വാർത്ത അറിയിക്കുകയല്ലാതെ മറ്റെന്താണ് അവൾക്കു ചെയ്യാനുള്ളത്?" ഹൃദയദാഹം ശമിപ്പിക്കുന്ന വ്യക്തിയായി യേശുവിനെ കണ്ടുമുട്ടുകയും അനുഭവിക്കുകയും ചെയ്യുന്നവരാർക്കുംതന്നെ യേശുവിനെ പ്രഘോഷിക്കാതിരിക്കാൻ സാദ്ധ്യമല്ല. സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാനുള്ള ഒരു ആന്തരിക പ്രചോദനം എപ്പോഴും ഇവരിൽ നിറഞ്ഞു



നിൽക്കും. സമരിയാക്കാരിയുടേതുപോലെയുള്ള ഒരു മാനസാന്തരവും അനുഭവവുമാണ് പ്രേഷിതപ്രവർത്തനത്തനങ്ങൾ ചെയ്യാൻ കടപ്പെട്ട നമുക്കേവർക്കും അടിസ്ഥാനപരമായി ആവശ്യമായിരിക്കുന്നത്.

### കഴിഞ്ഞ മിഷൻ ഞായർ പിരിവിന്റെ വിശദവിവരങ്ങൾ

കഴിഞ്ഞകൊല്ലം സാമാന്യം നല്ല തുകകളാണ് മിക്കവാറും എല്ലാ ഇടവകകളും സംഭാവന ചെയ്തിരിക്കുന്നത്. ആകെ പിരിഞ്ഞുകിട്ടിയത് 62,23,754/- (അറുപത്തിരണ്ടു ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി നാല്പത്തിയഞ്ച്) രൂപയാണ്. മുൻ കൊല്ലത്തേക്കാൾ 13,98,320/ (പതിമൂന്നു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി മുന്നൂറ്റി ഇരുപത്) രൂപയുടെ വർദ്ധനവുണ്ട്. ഈ തുക മുഴുവനും പ്രേഷിതപ്രവർത്തനങ്ങളുടെ ആവശ്യത്തിനായി റോമിലെ തിരുസംഘങ്ങൾക്കും പ്രാദേശിക സഭകൾക്കും വീതിച്ചുകൊടുക്കുകയാണ് ചെയ്യുന്നത് എന്ന വസ്തുത നിങ്ങൾക്ക് അറിയാവുന്നതാണല്ലോ. സംഭാവന നൽകിയ തുകയുടെ അടിസ്ഥാനത്തിലും ആളോഹരി ഇനത്തിലും ഏറ്റവും കൂടുതൽ സംഭാവന നൽകിയ 10 ഇടവകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| മൊത്തത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയ ഇടവകകൾ | | | ആളോഹരി ക്രമത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയ ഇടവകകൾ | |
|---|---|---|---|---|
| 1. | പാളയം | 534,551 | നന്തൻകോട് | 143.56 |
| 2. | പുത്തൻതോപ്പ് | 351,089 | മണക്കാട് | 124.02 |
| 3. | ചിന്നത്തുറ | 333,333 | പുത്തൻതോപ്പ് | 117.97 |
| 4. | വെട്ടുകാട് | 266, 497 | കുമാരപുരം | 115.89 |
| 5. | വിഴിഞ്ഞം | 240, 000 | വർക്കല | 85.11 |
| 6. | പേട്ട | 225, 000 | കഴക്കൂട്ടം (St. Joseph's) | 84.24 |
| 7. | തൂത്തൂർ | 216, 780 | വെള്ളയമ്പലം | 80.19 |
| 8. | പുല്ലുവിള | 203, 720 | സെന്റ് ആൻഡ്രൂസ് | 78.73 |
| 9. | പുതിയതുറ | 190, 000 | പേട്ട | 78.34 |
| 10. | കണ്ണാന്തുറ | 171, 555 | കുറവൻകോണം | 73.01 |



മുൻ കൊല്ലങ്ങളിലെപ്പോലെ തന്നെ പല ചെറിയ ഇടവകകളും അവരുടെ കഴിവിനുമപ്പുറമുള്ള സംഭാവനകൾ നല്കിയപ്പോൾ ആളൊന്നിന് അഞ്ചുരൂപപോലും നല്കാത്ത സാമ്പത്തികശേഷിയുള്ള പല വലിയ ഇടവകകളെയും കാണുന്നുണ്ട്. ഇതിനൊരു മാറ്റം വരുത്തുവാൻ ബോധപൂർവ്വം നാം ശ്രമിക്കേണ്ടിയിരിക്കുന്നു. കുടുംബത്തിലെ അംഗങ്ങളെല്ലാം ആളൊന്നിന് കുറഞ്ഞത് നൂറുരൂപയെങ്കിലും സന്തോഷത്തോടെ സംഭാവന ചെയ്യുന്ന ഒരു പാരമ്പര്യം ക്രമേണ നാം സൃഷ്ടിച്ചെടുക്കണം. ഉദാരമായ സംഭാവനകൾ നൽകിയ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു പണം നൽകിയതുകൊണ്ട് മാത്രമായില്ലല്ലോ പ്രാർത്ഥനയിലൂടെയും പരിത്യാഗപ്രവർത്തികളിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയും പ്രേഷിത പ്രവർത്തനത്തനങ്ങളുടെ വിജയത്തിനായി സമർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സന്യാസ ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പലവിധത്തിലുള്ള സംഭാവനകളുടെ കാര്യം വിസ്മരിക്കുന്നില്ല. മിഷൻ ഞായറാഴ്ചയും ആവുന്നത്ര സംഭാവനകൾ നൽകാൻ അവർ മുന്നോട്ടുവരേണ്ടിയിരിക്കുന്നു. കഴിഞ്ഞ കൊല്ലം ഏറ്റവും കൂടുതൽ ലഭിച്ചത്, CCR Generalate (45000 രൂപ)പൂന്തുറ സെന്റ് ഫിലോമിന സ്കൂൾ (42000 രൂപ), തോപ്പിലെ St. Roch's Convent (37000 രൂപ) എന്നീ സ്ഥാപനങ്ങളിൽ നിന്നാണ്.

വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ ഇക്കൊല്ലത്തെ മിഷൻ ഞായർ സന്ദേശത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഞാൻ ഈ ഇടയലേഖനം ഉപസംഹരിക്കാം: "ദൈവത്തിലുള്ള വിശ്വാസം ഒന്നാമത്തെ ദാനവും രഹസ്യവുമാണ്. അത് ഹൃദയത്തിലേക്കും ജീവിതത്തിലേക്കും സ്വാഗതം ചെയ്യപ്പെടണം. ആ ദാനത്തെപ്രതി കർത്താവിനോട് എപ്പോഴും നന്ദി പറയുകയും വേണം. പങ്കുവയ്ക്കാൻ വേണ്ടി നല്കപ്പെടുന്ന ദാനമാണ് വിശ്വാസം. ഫലം പുറപ്പെടുവിക്കാൻ വേണ്ടി സ്വീകരിച്ച താലന്താണത്. മറച്ചു വയ്ക്കാൻ പാടില്ലാത്ത ഒരു ദീപമാണത്; വീടുമുഴുവൻ പ്രകാശിപ്പിക്കാനുള്ള ദീപം. നമ്മുടെ ജീവിതത്തിൽ നൽകപ്പെട്ട ഏറ്റവുംപ്രധാനപ്പെട്ട ദാനമാണ് വിശ്വാസം.



അതു നമ്മുടേതു മാത്രമാക്കിവയ്ക്കാൻ പാടില്ല". വിശ്വാസത്തിന്റെ ഈ പ്രാധാന്യം മനസ്സിലാക്കി അത് അനുദിനം പരിപോഷിപ്പിക്കുവാനും സാധിക്കുന്ന വിധത്തിലെല്ലാം വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കാനും ഈ വിശ്വാസ വർഷത്തിൽ നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം
17.10.2012

**† സൂസപാക്യം എം.**
***തിരുവനന്തപുരം മെത്രാപ്പോലീത്ത***

**NB:** *ഈ ഇടയലേഖനം മിഷൻ ഞായറാഴ്ചയായ ഈ മാസം 21-ാം തിയതി ദിവ്യബലിമദ്ധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.*

Jeeva Jyothi, # 2311620